(ബി) ടൂറിസം വ്യവസായ രംഗത്തുള്ളവർ ഉന്നയിച്ച ആശങ്കകൾ എന്തെല്ലാമാണെന്നും പ്രസ്തുത ആശങ്കകൾ ദൂരീകരിക്കാനും പ്രശ്നപരിഹാരത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ;

(സി) വിനോദസഞ്ചാര മേഖലയിൽ വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷമുള്ള വിനോദസഞ്ചാര മേഖലയെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചതിനുശേഷം മാത്രമേ ഇക്കാര്യങ്ങൾ പരിശോധിക്കാൻ കഴിയുകയുള്ളൂ.

ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ

313 (1021) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖല കടുത്ത പ്രതിസന്ധി നേരിടുന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ബി) മുൻകാലങ്ങളിലെ അപേക്ഷിച്ച് പ്രതിവർഷ വരുമാനം കുറയാനിടയായത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ സീസണിൽ കൺവെൻഷൻ ടൂറിസത്തിന് തിരിച്ചടി നേരിട്ടതായ ടൂർ ഓപ്പറേറ്റമാരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിലവിൽ ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ ടൂറിസം മേഖലയിലെ സംരംഭകരുമായി ചർച്ച ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പ്രതിസന്ധി നേരിടുന്നില്ല. മുൻകാലങ്ങളെ അപേക്ഷിച്ച് വിനോദസഞ്ചാരികളുടെ എണ്ണത്തിലും വരുമാനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ആഭ്യന്തര ടൂറിസ്റ്റുകൾ	വിദേശ ടൂറിസ്റ്റുകൾ	ആകെ വരുമാനം (കോടിയിൽ)
2010	85,95,075	6,59,265	17348.00
2011	93,81,455	7,32,985	19037.00
2012	1,00,76,854	7,93,696	20430.00
2013	1,08,57,811	8,581,43	22926.55

(സി) ഉണ്ട്.

(ഡി) ടൂറിസം മേഖലയിലെ പൊതുവായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും സർക്കാരിന് ഉപദേശം നൽകുന്നതിനുമായി സ്റ്റേറ്റ് ടൂറിസം അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ടൂറിസം വികസന പദ്ധതികൾ

314 (1022) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിനായി 2013-14 വർഷത്തിൽ വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 2013-14 വർഷത്തിൽ വൈപ്പിൻ മണ്ഡലത്തിൽ പുതിയ ടൂറിസം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ഓണാഘോഷ ചെലവുകൾ

315 (1023) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും ഓണാഘോഷ പരിപാടികൾക്കും ഘോഷയാത്രയ്ക്കു വേണ്ടി ടൂറിസം വകുപ്പ് ചെലവഴിച്ച തുകയെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly